**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6572** **11-11-2021 - ൽ മറുപടിയ്ക്ക്**

**കർഷക ക്ഷേമനിധി ബോർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖാന്തരം രൂപീകരിച്ച കർഷക ക്ഷേമനിധി ബോർഡ് നിലവിൽ വന്നത് എപ്പോഴാണെന്നും ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും വിശദീകരിക്കാമോ; | (എ) | കേരള കർഷക ക്ഷേമനിധി ആക്റ്റിലെ (2019 ലെ 26 ആം നമ്പർ ആക്റ്റ്) 11-ാം വകുപ്പ് ഒന്നാം ഉപ വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കർഷകരുടെ ക്ഷേമത്തിനും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായും കാർഷിക വൃത്തിയിലേക്ക് യുവജനങ്ങളെ ആകർഷിക്കുന്നതിനായും കേരള സർക്കാർ 2020 ഒക്ടോബർ മാസം 13-ാം തീയ്യതി സ.ഉ.(പി) നമ്പർ19/2020/കൃഷി പ്രകാരം പുറപ്പെടുവിച്ചതും 2020 ഒക്ടോബർ മാസം 14-ാം തീയ്യതി 2422-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ നമ്പർ 708/2020 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപന പ്രകാരം കേരള കർഷക ക്ഷേമനിധി ബോർഡ് രൂപീകരിച്ചു. |
| (ബി) | ബോർഡിലെ നിലവിലുള്ള ഉപദേശകസമിതി അംഗങ്ങൾ ആരൊക്കെയാണെണ് അറിയിക്കുമോ; | (ബി) | കേരള കർഷക ക്ഷേമനിധി ബോർഡിന്റെ ഭരണമേൽനോട്ടത്തിന് ഒരു ഡയറക്ടർ ബോർഡിനെ നിയമിച്ച് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. എന്നാൽ ഉപദേശക സമിതി രൂപീകരിച്ചിട്ടില്ല. |
| (സി) | ഉപദേശകസമിതി രൂപീകരിക്കപ്പെട്ടതിന് ശേഷം എത്ര യോഗങ്ങൾ ചേർന്നിട്ടുണ്ടെന്ന് അറിയിക്കുമോ; | (സി) | കേരള കർഷക ക്ഷേമനിധി ബോർഡിന്റെ ഭരണമേൽനോട്ടത്തിന് ഒരു ഡയറക്ടർ ബോർഡിനെ നിയമിച്ച് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. എന്നാൽ ഉപദേശക സമിതി രൂപീകരിച്ചിട്ടില്ല. |
| (ഡി) | ബോർഡ് മുഖാന്തരം എത്ര കർഷകർക്ക് ആനുകൂല്യങ്ങൾ നല്കിയിട്ടുണ്ടെന്നും എന്തൊക്കെ ആനുകൂല്യങ്ങളാണ് നല്കിയതെന്നും വിശദീകരിക്കാമോ? | (ഡി) | കേരള കർഷക ക്ഷേമനിധി പദ്ധതിയുടെ കരട് അംഗീകാരത്തിനായി സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ